നെല്ല് സംഭരണം

206 (1240) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ല് സംഭരണത്തിലെ പ്രതിസന്ധി ശ്രദ്ധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്രയുക കൊടുത്തു തീർക്കാനുണ്ട് ; വിശദമാക്കുമോ ;

(സി) എങ്കിൽ പ്രസ്തുത യുക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെല്ല് സംഭരണത്തിൽ പ്രതിസന്ധി ഒന്നും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 24-6-2015-ാം തീയതിയിലെ കണക്കുപ്രകാരം 2014-15 രണ്ടാംവിള സീസണിൽ ഇനി 181.09 കോടി രൂപ കർഷകർക്ക് നൽകുവാനുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് കുടിശ്ശിക തീർക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

റേഷൻ വിഹിതം വെട്ടിക്കുറച്ചതും പൊതുവിപണിയിലെ അരിവിലയും

207 (1241) ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ ; ഏതെല്ലാം ഇനങ്ങളിൽ എത്രവീതമാണ് കുറവ് വരുത്തിയിട്ടുള്ളത് ;

(ബി) ഇത്തരം ഒരു തീരുമാനം ഉണ്ടാകാൻ ഇടയാക്കിയ സാഹചര്യമെന്താണ് ;

(സി) അനുവദിച്ച റേഷൻ വിഹിതം സംസ്ഥാനം കൃത്യമായി വിനിയോഗിക്കാത്തതും, അതിന് കണക്ക് നൽകാത്തതും റേഷൻ വിഹിതം കുറയ്ക്കാൻ ഇടയാക്കിയിരുന്നോ ;

(ഡി) സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന അരിയുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ റേഷൻവിഹിതം വെട്ടിക്കുറച്ചത് പൊതുവിപണിയിൽ അരിവില ക്രമാതീതമായി വർദ്ധിക്കാൻ ഇടയാക്കും എന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാനത്തിന് നോർമൽ വിഹിതമായി അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ പൂർണ്ണമായി വിട്ടെടുക്കാറുണ്ട്.

(ഡി) സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, ഭരണ ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപനവില കൂട്ടാതിരിക്കുകയും ചെയ്തുമൂലം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുകൊണ്ട് സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് അരി ഉൾപ്പടെയുള്ള സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർനിർണ്ണയിച്ചത്. പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില വർദ്ധനവ് സപ്ലൈകോയുടെ വാങ്ങൽ വിലയിലും പ്രതിഫലിക്കുന്നു. വളരെ വർദ്ധിച്ച വിലയ്ക്ക് അവശ്യസാധനങ്ങൾ വാങ്ങി കുറഞ്ഞനിരക്കിൽ വിൽപ്പന നടത്തുന്നതിനാൽ സപ്ലൈകോയ്ക്കുണ്ടാകുന്ന നഷ്ടം വൻതോതിൽ കൂടുകയും ചെയ്യുന്നുണ്ട്.

ഇങ്ങനെ വൻ വിലക്കുറവിൽ സാധനങ്ങൾ വിൽക്കുന്നതുകൊണ്ട് സംഭവിക്കുന്ന നഷ്ടംമൂലം ഈ ഉൽപ്പന്നങ്ങൾ കൂടുതൽ അളവിൽ സംഭരിക്കുവാൻ സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. ഇങ്ങനെ വൻ വിലക്കുറവിൽ കുറഞ്ഞ അളവിൽ സാധനങ്ങൾ വിൽക്കുന്നതിന് പകരം അവശ്യസാധനങ്ങളുടെ വിൽപ്പനവില പുനർനിർണ്ണയം ചെയ്ത് സാധനങ്ങൾ അവശ്യാനുസരണം ലഭ്യമാക്കി കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിപണിയിടപെടൽ കൂടുതൽ ഫലപ്രദമാക്കുന്ന ശാസ്ത്രീയമായ പൊതു വിപണിയിടപെടൽ തന്ത്രമാണ് സപ്ലൈകോ ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

അരി ഉൾപ്പടെയുള്ള അവശ്യസാധനങ്ങൾ കമ്പോളത്തിൽ തടസ്സമില്ലാതെ ലഭ്യമാക്കാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. ഇത് പൊതുവിപണിയിലെ വിലവർദ്ധനവ് പിടിച്ചുനിർത്താൻ വളരെയധികം സഹായിച്ചിട്ടുണ്ട്.